K26P 1152

Reg. No. : ...................................

Name : .......................................

## Second Semester M.A. Degree (C.B.C.S.S.-OBE – Reg./Supple./Imp.) Examination, April 2026 (2023 Admissions Onwards) MALAYALAM

### MAMAL02C05 : ആധുനിക മലയാള കവിത

Time : 3 Hours Max. Marks : 80

PART – A

I. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് **ഒന്നര പുറത്തിൽ** കവിയാതെ ഉത്തരം എഴുതുക.

1) മുക്തകം എന്നാൽ എന്ത് ? മുക്തകങ്ങളുടെ സവിശേഷതകൾ എന്തെല്ലാം ?
2) ആത്മവിസ്മൃതിയുടെ തലത്തിലേക്ക് ഉയരുന്ന യോഗിയുടെ അവസ്ഥ കുണ്ഡലിനി പാട്ടിൽ തെളിയുന്നത് എങ്ങനെ ?
3) ''പ്രതിനവരസമാമതോർക്കുകിൽ കൃതികൾമനുഷ്യകഥാനുശായികൾ – സന്ദർഭം എന്ത് ? ആശയം വിശദമാക്കുക.
4) 'കാളിദാസന്റെ യക്ഷൻ ആറ്റൂരിന്റെ യക്ഷനാകുമ്പോൾ' – വിശകലനം ചെയ്യുക.
5) നൃത്തശാല എന്ന കവിതയിലെ ഫാന്റസിയുടെ സാന്നിധ്യവും സാധ്യതകളും വിലയിരുത്തുക.
6) ''ഏതു കാലമിതേതു ജീവിതമേതു ഭൂലോകം'' എന്ന് ചിന്തിക്കുന്നത് എപ്പോൾ ? സന്ദർഭം വിവരിക്കുക.

(5×4=20)

PART – B

II. ഏതെങ്കിലും **മൂന്ന്** ചോദ്യത്തിന് **മൂന്നു പുറത്തിൽ** കവിയാതെ ഉത്തരം എഴുതുക.

7) ശ്രീയേശു വിജയം, മയൂര സന്ദേശം എന്നീ കൃതികളിൽ പ്രകടമാകുന്ന നിയോക്ലാസിക് പാരമ്പര്യ ഘടകങ്ങളെ കണ്ടെത്തി വിശകലനം ചെയ്യുക.
8) ഇവനെക്കൂടി എന്ന കവിതയിൽ വൈലോപ്പിള്ളിയുടെ കാവ്യലോകം അന്തർലീനമായിരിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

P.T.O.



9) തകർന്ന മുരളി എന്ന കവിത സൗഹൃദത്തിന്റെ വികാര തീവ്രമായ കാവ്യാവിഷ്കാരമാണ് – പരിശോധിക്കുക.
10) പട്ടാമ്പിപുഴ മണലിൽ എന്ന കവിത മുന്നോട്ട് വയ്ക്കുന്ന പാരിസ്ഥിതിക വിചാരങ്ങളെയും പാരിസ്ഥിതിക വിഷാദങ്ങളെയും വിശകലനം ചെയ്യുക.
11) ഇഷ്ടമുടിക്കായൽ ഒരു പ്രാദേശിക സാംസ്കാരിക ഭൂപടം ആകുന്നത് എങ്ങനെ ?

(3×8=24)

PART – C

III. ഏതെങ്കിലും **മൂന്ന്** ചോദ്യത്തിന് **അഞ്ചു പുറത്തിൽ** കവിയാതെ ഉത്തരം എഴുതുക.

12) ആധുനിക കവിത നഗരജീവിതത്തെ ആവിഷ്കരിക്കുന്ന മാധ്യമമായി മാറുന്നു – വിശദീകരിക്കുക.
13) നവോത്ഥാനാശയങ്ങൾ കാല്പനിക പൂർവ്വ കവിതകളിൽ വെളിപ്പെടുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക.
14) കാല്പനിക കവിതാ ചരിത്രത്തിൽ ആധുനിക കവിത്രയത്തിന്റെ സ്ഥാനം നിർണയിക്കുക.
15) ആധുനികാനന്തരതയുടെ സ്വഭാവങ്ങൾ മലയാള കവിതയിൽ തെളിയുന്നത് എങ്ങനെയെല്ലാം ? ഉദാഹരണസഹിതം വിശദീകരിക്കുക.
16) ആധുനികതയും കാല്പനികതയും തമ്മിലുള്ള ഭാവുകത്വപരമായ സംഘർഷം മലയാള കാവ്യചരിത്രത്തെ സ്വാധീനിച്ചത് എങ്ങനെ ? ഉപന്യസിക്കുക.

(3×12=36)

---